# Week - 2



# വഴിതെറ്റിക്കുന്ന നാവ്

ആധുനീക അപ്പോസ്തോലൻ എന്ന് വിശേഷിപ്പിക്കപ്പെടുന്ന സാധുസുന്ദർസിംഗ് തന്റെ മിഷനറിയാത്രയ്ക്കിടയിൽ 'തേറി'എന്നൊരു സ്ഥലത്തെത്തി. അടുത്തഗ്രാമത്തിലേക്കുള്ള വഴി ചോദിച്ച സാധു ക്രിസ്ത്യാനിയാണെന്ന് മനസ്സിലാക്കിയ മതവിരോധികൾ ആപൽക്കരമായ തെറ്റായവഴിയാണ് അദ്ദേഹത്തിന് പറഞ്ഞുകൊടുത്തത്. അവരെ വിശ്വസിച്ച് സാധുസുന്ദർസിംഗ് ആ വഴിയെ യാത്രയായി. നടന്ന് ക്ഷീണിച്ചിട്ടും ഗ്രാമം ഒന്നും കാണുവാൻ കഴിഞ്ഞില്ല.ആറ്റുതീരത്തെത്തിയ അദ്ദേഹത്തിന്റെ കാതിൽ കാട്ടുമൃഗങ്ങളുടെ ഓലിയിടീലും, കരച്ചിലും എത്തിക്കൊണ്ടിരുന്നു. ഭയപ്പെട്ട അദ്ദേഹം കാട്ടാറ് നീന്തിക്കടക്കുവാൻ ശ്രമിച്ചു, പക്ഷേ ശ്രമം വിഫലമായി, അങ്ങനെ വിഷമിച്ചു നിൽക്കുമ്പോൾ തീകാഞ്ഞു കൊണ്ടിരിക്കുന്ന ഒരാൾ കണ്ണിൽപെട്ടു. മറുകരെയിരുന്ന അയാൾ വിളിച്ചുപറഞ്ഞു 'വിഷമിക്കേണ്ട ഞാൻ നിങ്ങളെ സഹായിക്കാം'.

എന്ന്. ആറ്റിലിറങ്ങി നീന്തി സാധുവിന്റെ അടുത്തെത്തിയ അയാൾ, സാധുവിനെ തോളിലേറ്റി മറുകരെ എത്തിച്ചു. തന്നെ വഴിതെറ്റിച്ച് അപകടാവസ്ഥയിലാക്കിയവരുടെ നാവിന്റെ പിഴവ്, പരിഹരിച്ചു തന്ന വ്യക്തിയോട് നന്ദി പറയുവാൻ ആഗ്രഹിച്ച് തിരിഞ്ഞപ്പോൾ സഹായിച്ച മനുഷ്യനും , അദ്ദേഹം തീകാഞ്ഞുകൊണ്ടിരുന്നിടത്തെ തീയും അപ്രത്യക്ഷമായി. അത് മറ്റാരുമല്ല ദൈവത്തിന്റെ ദൂതൻ തന്നെ ആയിരുന്നു. യഥാർത്ഥ ദൈവപൈതലിനെ ഭോഷ്ക്കിന്റെ ആത്മാവ് തൊടുവാൻ ദൈവം ഒരിക്കലും സമ്മതിക്കുകയില്ല.

നാവ് ശരീരത്തിന്റെ വകയാണെങ്കിലും, ശരീരത്തിന്റെ അധി കാരത്തിൽ നിന്ന് നാവിനെ മോചിപ്പിച്ച് , ആത്മാവിന്റെ അധികാര ത്തിൽ കൊണ്ടുവരുമ്പോൾ ശരീരത്തിന്റെ ആജ്ഞാശക്തി ബലഹീ നമാകുന്നു. സാധുവിനെ ഉപദ്രവിക്കുവാൻ നാവ് ഉപയോഗിച്ചവർ ശരീരത്തിന്റെ ചീത്ത അധികാരത്തിലുള്ളവരാണ്.

യിസ്രായേൽ രാജാവായ ആഹാബും യഹൂദരാജാവായ യെഹോശാഫാത്തും തമ്മിൽ സംബന്ധവും , വിരുന്നിൽ പങ്കെടു ത്തതിന്റെ കടപ്പാടും മൂലം കൂട്ടുകെട്ടുണ്ടാക്കി. അങ്ങനെ രാമോത്ത് എന്ന പട്ടണം പിടിച്ചടക്കുവാൻ അവർ തീരുമാനിച്ചു. (2ദിന:18:1)രക്തദാഹിയാണ് ആഹാബെങ്കിൽ അല്പമൊക്കെ ദൈവ ഭക്തിയുള്ള ആളാണ് യെഹോശാഫാത്ത്. യഹോവയുടെ നാമ ത്തിലുള്ള പ്രവാചകന്മാരുടെ ആലോചന യഹൂദരാജാവ് ആഗ്രഹി ച്ചപ്പോൾ ആഹാബിന്റെ കസ്റ്റഡിയിലുള്ള നാനൂറ് പ്രവാചകൻമാ രോട് അദ്ദേഹം ആലോചന ചോദിച്ചു. ഇവർ നാനൂറുപേരും യുദ്ധത്തിനു പോകണം എന്ന ഏകാഭിപ്രായക്കാരായിരുന്നു. യഹോവ ഭോഷ്ക്കിന്റെ ആത്മാവിനെ ഇവരുടെ നാവിൽ കൊടു ത്തതാകാം കാരണം. (2ദിന:18:18-21)

ആഹാബിന്റെ അനാത്മിക പ്രവാചകന്മാരുടെ വാക്കുകളിൽ അതൃപ്തനായ യെഹൂദരാജാവ് മീഖായാവിനെ വിളിപ്പാൻ ആളെ അയച്ചു. ദൈവം പറയുന്നതുമാത്രം തന്റെ നാവിനാൽ പ്രവചിക്കു ന്നവൻ യഹോവ നൽകിയ ദർശനവിവരവും യുദ്ധത്തിനുപോ

യാൽ ആഹാബിന് എന്തു സംഭവിക്കുമെന്നുള്ള ദൈവീകദൂതും സത്യമായി അറിയിച്ചു. നാനൂറുപേർ പ്രവചിച്ചതുപോലെ തന്നെ പറയാതെയിരുന്ന മീഖായേലിന്റെ വേറിട്ടശബ്ദം കേട്ടുനിന്നവരെ കോപിഷ്ടരാക്കി. അവർ അവനെ കാരാഗ്രഹത്തിലടച്ചു. മീഖായേലിന്റെ പ്രവചനംപോലെ ആഹാബ് കൊല്ലപ്പെട്ടു. ദൈവമക്കൾ തങ്ങളുടെ നാവിനെ ദൈവഹിതത്തിനുമാത്രം ഉപയോഗിക്കുക. ഭോഷ്ക്കിന്റെ ആത്മാവാൽ പ്രവചിക്കുന്നവർ ഇന്നും ധാരാളം ഉണ്ട്. നമുക്ക് ദൈവത്തിന്റെ വായ് മാത്രം ആയി അവന്റെ വഴിയിൽ സഞ്ചരിക്കാം.സാധുസുന്ദർസിംഗിന്റെ വഴിതെറ്റിച്ച് സന്തോഷിച്ചവരെപ്പോലെ ആകാതിരിപ്പാൻ സൂക്ഷിക്കുക. സത്യവും, നന്മയും പറയുന്ന നാവാകാൻ ദൈവം കൃപചെയ്യട്ടെ.

# പ്രാർത്ഥന

പ്രീയയേശുവേ ! വഴിയും സത്യവും ജീവനുമായ നിന്നിലാശ്രയിച്ച് ജീവിപ്പാനുള്ള കൃപ ഞങ്ങൾക്ക് തരേണമേ. എല്ലാ വ്യക്തികൾക്കും , സഭകൾക്കും ദൈവവഴി കണ്ടെത്തുവാനും ദൈവത്തിലാശ്രയിപ്പാനും കൃപചൊരിയേണമേ. ആമേൻ

**Santhamma Varghese**

Website: www.biblestudy.co.in

Email: biblestudy.co.in@gmail.com

Facebook: https://www.facebook.com/biblestudyind